## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2220** **11.03.2020-ൽ മറുപടിക്ക്**

## സഹകരണ ബാങ്കുകൾക്ക് ആദായ നികുതി വകുപ്പിന്റെ മുന്നറിയിപ്പ്

**ചോദ്യം** **മറുപടി**

**ശ്രീ.പുരുഷൻ കടലുണ്ടി** **ശ്രീ.കടകംപളളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും ഒരു കോടി രൂപയ്ക്ക് മുകളിൽ പണം പിൻവലിച്ചവരിൽ നിന്നും രണ്ടു ശതമാനം നികുതി ഈടാക്കണമെന്ന ആദായ നികുതി വകുപ്പിന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സഹകരണ ബാങ്കുകളുടെ അടിത്തറയിളക്കുന്ന ആദായ നികുതി വകുപ്പിന്റെ പ്രസ്തുത നടപടി സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്നാണ് കരുതുന്നത്; | (ബി) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ മിച്ചഫണ്ട് കേരള സംസ്ഥാന സഹകരണ ബാങ്കിലാണ് നിക്ഷേപിച്ച് വരുന്നത്. സംഘങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കായി ചിലപ്പോൾ ഒരു ദിവസം തന്നെ ഒരു കോടി രൂപയ്ക്ക് മുകളിൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും പിൻവലിക്കേണ്ടതായി വരും. ടി സാഹചര്യത്തിൽ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% റ്റി.ഡി.എസ് ഈടാക്കാനുള്ള വ്യവസ്ഥ സംഘങ്ങളുടെ പ്രവർത്തന മൂലധനത്തെ സാരമായി ബാധിക്കുമെന്നത് ആശങ്കാവഹമായ സ്ഥിതി വിശേഷമാണ്. |
| (സി) | സഹകരണ മേഖലയെ തകർക്കുന്ന ആദായ നികുതി വകുപ്പിന്റെ പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ സമ്മർദ്ദം | (സി) | കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ |

| | | | |
|---|---|---|---|
| | ചെലുത്താൻ സംസ്ഥാന സർക്കാർ തയ്യാറാവുമോ; വിശദവിവരം നൽകാമോ? | | നിന്നും 2% റ്റി.ഡി.എസ് ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നത് എന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 03.10.2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ടി നിയമഭേദഗതിയ്ക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ട് എന്ന് തീരുമാനിക്കുകയും ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11.10.2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**